Mathrubhumi 8.11.2024

# കൊച്ചിയിൽ സ്വദേശി ശാസ്ത്ര കോൺഗ്രസിന് തുടക്കം

തോപ്പുംപടി ▸ കേന്ദ്ര മത്സ്യ-സാങ്കേതികഗവേഷണ സ്ഥാപനമായ സിഫ്റ്റിന്റെ സഹകരണത്തോടെ കേരളാ സ്വദേശി ശാസ്ത്രപ്രസ്ഥാനം സംഘടിപ്പിക്കുന്ന 31-ാമത് സ്വദേശി ശാസ്ത്ര കോൺഗ്രസിന് സിഫ്റ്റിൽ തുടക്കമായി. ഹൈദരാബാദിലെ നാഷണൽ അക്കാദമി ഓഫ് അഗ്രിക്കൾച്ചറൽ റിസർച്ച് മാനേജ്മെന്റിലെ ഡയറക്ടർ ഡോ. സി.എച്ച്. ശ്രീനിവാസ റാവു ഉദ്ഘാടനം ചെയ്തു. സ്വദേശി ശാസ്ത്ര കോൺഗ്രസിന്റെ ഈ വർഷത്തെ വിഷയം 'നെറ്റ് സീറോ എമിഷൻ: സമീപനങ്ങളും തന്ത്രങ്ങളും' എന്നതാണ്.




കൊച്ചി സിഫ്റ്റിൽ നടക്കുന്ന സ്വദേശി ശാസ്ത്ര കോൺഗ്രസ് ഡോ. സി.എച്ച്. ശ്രീനിവാസ റാവു ഉദ്ഘാടനം ചെയ്യുന്നു

സിഫ്റ്റ് ഡയറക്ടർ ഡോ. ജോർജ് നൈനാൻ ചടങ്ങിൽ അധ്യക്ഷത വഹിച്ചു. ഡോ. എം. പ്രഭാകർ മുഖ്യപ്രഭാഷണം നടത്തി. കാലിക്കറ്റ് യൂണിവേഴ്സിറ്റി വൈസ് ചാൻസലർ ഡോ. പി. രവീന്ദ്രൻ മുഖ്യാതിഥിയായിരുന്നു. സിഫ്റ്റിലെ എക്സ്റ്റൻഷൻ, ഇൻഫർമേഷൻ ആൻഡ് സ്റ്റാറ്റിസ്റ്റിക്സ് മേധാവി ഡോ. നികിത ഗോപാൽ, മണ്ണുത്തി കേരളാ വെറ്ററിനറി ആൻഡ് അനിമൽ സയൻസ് യൂണിവേഴ്സിറ്റി പ്രൊഫസർ ഡോ. സി.എൻ. ദിനേശ്, സ്വദേശി ശാസ്ത്രപ്രസ്ഥാനം-കേരള സെക്രട്ടറി രാജീവ് സി. നായർ, പ്രസിഡന്റ് ഡോ. കെ. മുരളീധരൻ തുടങ്ങിയവർ സംസാരിച്ചു. കോൺഗ്രസ് ശനിയാഴ്ച സമാപിക്കും.